# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.08.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്കൊപ്പം കെടുതികളും രൂക്ഷം. 9 ജില്ലകളിൽ ചുവപ്പ് ജാഗ്രത. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും ഓറഞ്ച് ജാഗ്രത. നാളെത്തെ സെറ്റ് പരീക്ഷ മാറ്റിവെച്ചു.
2. മഴയെ തുടർന്നുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പിന് ജാഗ്രതാ നിർദ്ദേശം നൽകിയതായി മന്ത്രി കെ മുരളീധരൻ.
3. സംസ്ഥാനത്ത് ഓണക്കാല റേഷൻ വിതരണം തിങ്കളാഴ്ച ആരംഭിക്കും. വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചതായി ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്.
4. രാജ്യത്ത് ലഹരിക്കെതിരെ യുവജനങ്ങളെ അണിനിരത്തുന്ന നശാ മുക്ത് പ്രചാരണ പരിപാടിക്ക് നാളെ തുടക്കമാകും.
5. 2026-27 വർഷത്തേക്കുള്ള റിട്ടേൺ സമർപ്പണം ജൂലൈ 31 വരെ 5.9 കോടി കടന്നതായി ആദായനികുതി വകുപ്പ്
6. കോമൺവെൽത്ത് ഗെയിംസ് വനിതാവിഭാഗം ബോക്സിങ്ങിൽ ഇന്ത്യക്ക് ഇരട്ട സ്വർണം.

&&&&&&&&&&&&&&&&&&

RNU TVPM

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്കൊപ്പം കെടുതികളും രൂക്ഷം. 9 ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയുമാണ്. കോട്ടയത്ത് രണ്ട് മരണവും ഇടുക്കിയിലും മലപ്പുറത്തും ഒരു മരണം വീതവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. മഴ സാഹചര്യം കണക്കിലെടുത്ത് നാളെ നടത്താൻ നിശ്ചയിച്ചിരുന്ന സ്റ്റേറ്റ് എലിജിബിലിറ്റി പരീക്ഷ മറ്റൊരു തീയതിയിലേക്ക് മാറ്റിവച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## പി.എസ്.സി പരീക്ഷ മാറ്റി

RNUTVPM

പിഎസ്‌സി ഇന്ന് നടത്തിയ പത്താംതരം പൊതുപ്രാഥമിക പരീക്ഷ എഴുതാൻ സാധിക്കാത്ത ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ മാസം 22 ന് വീണ്ടും അവസരം നൽകുമെന്ന് അധികൃതർ അറിയിച്ചു. വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തിരഞ്ഞെടുപ്പിനായി ഇടുക്കി, മലപ്പുറം,വയനാട് ജില്ലകളിൽ ഈ മാസം 4,5 തീയതികളിൽ നടത്താനിരുന്ന കായികക്ഷമത പരീക്ഷ മാറ്റിവെച്ചു.

&&&&&&&&&&&&&&&&&&

## മഴ - തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ ശക്തമായ മഴയിൽ വ്യാപക കൃഷിനാശം. കാട്ടാക്കട, നെയ്യാറ്റിൻകര, പാറശ്ശാല ബ്ലോക്കുകളിൽ 23.6 ഹെക്ടർ സ്ഥലത്ത് കൃഷിനശിച്ചു. ഏറ്റവും കൂടുതൽ കൃഷിനാശം നെയ്യാറ്റിൻകര ബ്ലോക്കിലാണ്. ആകെ 29.1 ലക്ഷം രൂപയുടെ നഷ്ടമാണ് പ്രാഥമികമായി കണക്കാക്കുന്നത്.

&&&&&&&&&&&&&&&&&&

**പത്തനംതിട്ട – മഴ (ഇൻട്രോ)**

പത്തനംതിട്ടയിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റും. മഴ സാഹചര്യം കണക്കിലെടുത്ത് നിറപുത്തരി ചടങ്ങുകൾക്ക് ശബരിമല എത്താൻ ശ്രമിക്കുന്ന ഭക്തർ കഴിവതും യാത്ര ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അഭ്യർഥിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ....**

(വോയ്സ്)

&&&&&&&&&&&&&&&&&&

**മഴ – മലപ്പുറം**

മലപ്പുറം ജില്ലയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടിയന്തരയോഗം ചേർന്ന് മഴക്കെടുതികൾ വിലയിരുത്തി. സുരക്ഷ മുൻനിർത്തി 13 കുടുംബങ്ങളെ വിവിധ ക്യാമ്പുകളിലേക്ക് മാറ്റി. ക്യാമ്പുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

RNU TVPM

&&&&&&&&&&&&&&&&&&

**എറണാകുളം – മഴ (ഇൻട്രോ)**

എറണാകുളം ജില്ലയുടെ വിവിധ മേഖലകളിൽ കനത്ത മഴയാണ് ലഭിച്ചത്. മൂവാറ്റുപുഴ താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ പി.......**

(വോയ്സ്)

&&&&&&&&&&&&&&&&&&

**തൃശ്ശൂർ – മഴ**

തൃശൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്നു. പൊരിങ്ങൽക്കുത്ത് ഡാമിന്റെ വൃഷ്ടിപ്രദേശത്ത് ശക്തമായ മഴ തുടരുന്നതിനാൽ

അടിയന്തര സാഹചര്യത്തിൽ സൂയിസ് വാൽവുകൾ ഘട്ടം ഘട്ടമായി തുറക്കാനുള്ള അനുവാദം നൽകി ജില്ലാ കളക്ടർ ഉത്തരവിറക്കി. ചാലക്കുടി പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

<u>കോഴിക്കോട് - മഴ (ഇൻട്രോ)</u>

കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിലും ശക്തമായ മഴ തുടരുകയാണ്. ജലാശയങ്ങളിൽ നീരൊഴുക്കും അപകടകരമായി ഉയർന്ന സാഹചര്യത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പ്രവേശനം നിരോധിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു......**

(വോയ്സ്)

&&&&&&&&&&&&&&&&&&

<u>മന്ത്രി കെ.മുരളീധരൻ</u>

ശക്തമായ മഴയെ തുടർന്നുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയതായി മന്ത്രി കെ മുരളീധരൻ. ഏത് സാഹചര്യവും നേരിടാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ആരോഗ്യവകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>ലക്ഷദ്വീപ് - മഴ (ഇൻട്രോ)</u>

ലക്ഷദ്വീപിൽ മഴയോടൊപ്പം ശക്തമായ കാറ്റ് വീശാനും സാധ്യതയുള്ളതിനാൽ മത്സ്യതൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.-

നാളെ വരെ ഓറഞ്ച് ജാഗ്രത തുടരുമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം....     (വോയ്സ്)

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്ത് ഓണക്കാല റേഷൻ വിതരണം തിങ്കളാഴ്ച മുതൽ ആരംഭിക്കും. ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. ഇതിനായി സർക്കാർ വിപണിയിൽ ഫലപ്രദമായി ഇടപെടുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ആദായ നികുതി

2026-27 വർഷത്തേക്കുള്ള റിട്ടേൺ സമർപ്പണം ജൂലൈ 31 വരെ 5.9 കോടി കടന്നതായി ആദായനികുതി വകുപ്പ് അറിയിച്ചു. നികുതിദായകരുടെ വിശ്വാസവും കൃത്യനിഷ്ഠയുമാണ് രാജ്യത്തിന്റെ വളർച്ചയ്ക്ക് ഇന്ധനമേകുന്നതെന്ന് വകുപ്പ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## നശാ മുക്ത് യുവ

ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണിനിരത്തുന്നതിനായി 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന്' പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. മൈ ഭാരതിലൂടെ ക്യാമ്പയിൻറെ ഭാഗമാകുന്ന യുവജനങ്ങൾ നശാ മുക്തി പ്രതിജ്ഞ ഏറ്റുചൊല്ലും.

RNU TVPM

&&&&&&&&&&&&&&&&&&

## കോമൺ വെൽത്ത് ഗെയിംസ്

കോമൺവെൽത്ത് ഗെയിംസ് വനിതാവിഭാഗം ബോക്സിങ്ങിൽ ഇന്ത്യക്ക് ഇരട്ട സ്വർണം . പ്രീതി പവാറും ജയ്സ്മിൻ ലംബോറിയയുമാണ് സ്വർണമെഡൽ നേടിയത്. പുരുഷ വിഭാഗം ബോക്സിങ്ങിൽ ഇന്ത്യയുടെ ജാദുമണി സിങ് മന്ദെങ്ബാമിനാണ് വെള്ളി മെഡൽ. പുരുഷവിഭാഗം ട്രിപ്പിൾ ജംപിൽ പ്രവീൺ ചിത്രാവൽ വെള്ളിയും,സെൽവ പ്രഭു തിരുമാരൻ വെങ്കലവും നേടി. ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 30 ആയി ഉയർന്നു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&

RNU TVPM